**Malayala Manorama**

**18 August 2018**

**Malappuram, Lost Documents, Recover**

# ആധാർ കാർഡ് പോയോ; വീണ്ടെടുക്കാൻ വഴിയുണ്ട്

മലപ്പുറം ● വീടുകളിലേക്ക് ഇരച്ചെത്തിയ മഴവെള്ളം വിലപ്പെട്ട പലതും കവർന്നിട്ടുണ്ട്. ആധാർ കാർഡ്, ആധാരം എന്നിങ്ങനെ മഴവെള്ളപ്പാച്ചിലിൽ പ്രധാനപ്പെട്ട രേഖകൾ നഷ്ടപ്പെട്ടതിന്റെ നിരാശയിൽ കഴിയുന്നവർ അറിയാൻ; മിക്ക രേഖകളും നിങ്ങൾക്ക് അനായാസം വീണ്ടെടുക്കാനാകും. ലഭ്യമായ വിവരങ്ങൾ സഹിതം ബന്ധപ്പെട്ട അധികൃതർക്ക് അപേക്ഷ നൽകിയാൽ മതി.

● **റേഷൻ കാർഡ്**

മഴവെള്ളപ്പാച്ചിലിൽ റേഷൻ കാർഡ് നഷ്ടപ്പെട്ടവർ അപേക്ഷകളുമായി ഓഫിസുകൾ കയറിയിറങ്ങേണ്ട. താലൂക്ക്, പഞ്ചായത്ത്തലത്തിൽ അദാലത്ത് നടത്തി റേഷൻ കാർഡുകൾ വിതരണം ചെയ്യണമെന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. പുതിയ കാർഡ് ലഭിക്കാൻ അപേക്ഷാ ഫോമോ ഫീസോ നൽകേണ്ടി വരില്ല. ജില്ലയിലെ അദാലത്തുകൾ ഉടൻ ആരംഭിക്കും.

● **ആധാരം**

ആധാരം നഷ്ടപ്പെട്ടവർക്ക് ജില്ലയിലെ സബ് റജിസ്ട്രാർ ഓഫിസുകളിൽ അപേക്ഷ നൽകി അതിന്റെ സർട്ടിഫൈഡ് കോപ്പി നേടിയെടുക്കാം. ഇതിനായി നിശ്ചിത ഫീസ് അടയ്ക്കണം. ആധാരം റജിസ്റ്റർ ചെയ്ത തീയതിയും നമ്പരും ലഭിച്ചാൽ എളുപ്പമായി. മലപ്പുറത്ത് 1980 മുതൽ നടത്തിയ ആധാർ റജിസ്ട്രേഷന്റെ ഡിജിറ്റൽ രേഖകളുണ്ട്. അതിനു മുൻപുള്ളവരുടേത് സർവേ നമ്പർ, റജിസ്റ്റർ ചെയ്തയാളുടെ പേര് എന്നിവ ഉപയോഗിച്ച് റെക്കോർഡ് ബുക്കിൽനിന്ന് കണ്ടെത്താം.

● **ആധാർ കാർഡ്**

ആധാർ എൻറോൾമെന്റ് നടത്താവുന്ന അക്ഷയകേന്ദ്രത്തിൽ എത്തുക. നിങ്ങളുടെ പേരും വിലാസവും ജനനത്തീയതിയും കൃത്യമായി പറഞ്ഞ് വിരലടയാളം നൽകിയാൽ ഇ-ആധാർ ലഭിക്കും. അവയുടെ പ്രിന്റ് എടുത്ത് ഉപയോഗിക്കാം.